(ഡി) നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുവാൻ കാലാകാലങ്ങളിൽ നികുതി പിരിവിന്റെ പുരോഗതി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ അവലോകനം നടത്തുന്നു. ജില്ലാതലത്തിലും അവലോകന മീറ്റിംഗുകൾ നടത്തുന്നു. നികുതി കുടിശ്ശികയ്ക്ക് സ്റ്റേ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. കോടതി കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിനു വേണ്ടി നടപടി എടുത്തു.

സംസ്ഥാനത്ത് 2002-2003-ലെ നികുതിയിതര വരുമാനം

22 [1029] ശ്രീ. വി. ബാലറാം:

,, എം. കെ. പോൾസൺ മാസ്റ്റർ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. പി. ജെ. ജോയി:

,, എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2002-2003-ലെ മൊത്തം നികുതി വരുമാനം എത്രയായിരുന്നു;

(ബി) പുതിയ നികുതികളിലൂടെയല്ലാതെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള തന്ത്രങ്ങൾക്ക് രൂപം കൊടുക്കാനുദ്ദേശമുണ്ടോ;

(സി) നികുതിയിതര വരുമാനങ്ങളിൽ പ്രധാനപ്പെട്ടവ ഏതെല്ലാമാണ്;

(ഡി) ഈ ഇനങ്ങളിൽ നിന്നുള്ള വരുമാനം ഉയർത്തുവാൻ എന്തെല്ലാം നടപടികളെടുക്കുവാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) 9017.76 കോടി രൂപ.

(ബി) ഉണ്ട്.

(സി) പലിശ വരവിനങ്ങൾ, ലാഭവും ലാഭവിഹിതവും, വനവത്കരണവും വന്യജീവി സംരക്ഷണവും, ലോട്ടറികൾ, സഹകരണം, വിദ്യാഭ്യാസം, കായിക വിനോദം, കല, വൈദ്യസഹായവും പൊതുജനാരോഗ്യവും എന്നിവയിൽ നിന്നുള്ള വരവുകളാണ് പ്രധാനപ്പെട്ടവ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) യൂസർ ഫീ, ഫീ, വാടക, ഫൈൻ തുടങ്ങിയവ കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

ഓരോ നികുതിയിനത്തിലും മുൻവർഷങ്ങളിൽ പ്രതീക്ഷിച്ചതും ലഭിച്ചതുമായ തുകകൾ

23 [1030] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-2003, 2003-2004 വർഷങ്ങളിൽ കാർഷികാദായ നികുതി, ഭൂനികുതി, സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ, എക്സൈസ്, വില്പനനികുതി, മോട്ടോർ വാഹന നികുതി, ചരക്കു-യാത്രക്കാർ, ഇലക്ട്രിസിറ്റി ഡ്യൂട്ടി, മറ്റു നികുതികളും ഡ്യൂട്ടികളും എന്നീ ഇനങ്ങളിൽ സംസ്ഥാനത്ത് പ്രതീക്ഷിച്ചിരുന്ന വരുമാനം എത്ര വീതമായിരുന്നു;

(ബി) 2002-2003 വർഷം പ്രസ്തുത ഓരോ ഇനത്തിലും ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2003-2004 വർഷത്തിൽ 31-12-2003 വരെ ഓരോ ഇനത്തിലും ലഭിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രതീക്ഷിച്ചിരുന്ന വരുമാനം:

	2002-2003	2003-2004
	(രൂപ കോടിയിൽ)	
ഭൂനികുതി	43.44	47.47
സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ	513.20	606.52
എക്സൈസ്	655.00	800.00
വില്പന നികുതി	5400.00	6418.00
മോട്ടോർ വാഹന നികുതി	520.00	582.40
ചരക്കുകളുടെയും യാത്രക്കാരുടെയും മേലുള്ള നികുതികൾ	0.005	..
ഇലക്ട്രിസിറ്റി ഡ്യൂട്ടി	221.27	177.27
മറ്റു നികുതികളും ഡ്യൂട്ടികളും	24.42	26.44
കാർഷികാദായ നികുതി	10.6	3.00

LIBRARY ARCHIVES Kerala Legislative Assembly